കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.-13) വകുപ്പ്

*നമ്പർ 6920/എ.ആർ.13(2)/2012/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 2012 നവംബർ 28.*

# സർക്കുലർ

*വിഷയം:*— സർക്കാർ ഓഫീസുകളുടെ പരിസരങ്ങളിൽ പോസ്റ്ററുകൾ, ബാനറുകൾ എന്നിവ ഒട്ടിക്കുന്നത് നിരോധിച്ചുകൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സർക്കാർ ഓഫീസുകളുടെ ഭിത്തികളിൽ വിവിധ സർവ്വീസ് സംഘടനകൾ പോസ്റ്ററുകൾ ഒട്ടിച്ച് വൃത്തികേടാക്കുന്നതും ഓഫീസ് പരിസരത്ത് പൊതുജനങ്ങൾക്ക് അസൗകര്യമായി കൊടിമരങ്ങളും ബാനറുകളും സ്ഥാപിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓഫീസ് പരിസരത്ത് പോസ്റ്ററുകളും പരസ്യങ്ങളും പതിക്കുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്.
2. പോസ്റ്ററുകൾ സ്ഥാപിക്കുന്നതിന് നിശ്ചിത സ്ഥലം (designated place) കണ്ടെത്തി സംഘടനകൾക്ക് അനുവദിക്കുന്നതിന് വകുപ്പ് മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.
3. നോട്ടീസ് വിതരണം, ആശയപ്രചരണം എന്നിവ ഓഫീസ് പ്രവർത്തനത്തിന് തടസ്സമുണ്ടാക്കാതെ ഇടവേള സമയത്ത് തന്നെ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്
4. കൊടിമരങ്ങൾ ഓഫീസിനും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കാത്ത സ്ഥലത്തുതന്നെ സ്ഥാപിക്കേണ്ടതാണ്.
5. ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് അതാത് വകുപ്പ് മേധാവികൾ നടപടി എടുക്കേണ്ടതാണ്

**ഡോ. നിവേദിത പി. ഹരൻ,**

*അഡീഷണൽ ചീഫ് സെക്രട്ടറി.*

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും.

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

മുഴുവൻ സ്വയംഭരണ സ്ഥാപനങ്ങൾക്കും/യൂണിവേഴ്സിറ്റി മേധാവികൾക്കും

പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (അച്ചടി, ദൃശ്യ മാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്).

---